"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശൂർ ജില്ലയിലെ വാടനാപ്പള്ളി ഗ്രാമപഞ്ചായത്തിൽ, കുടിവെള്ള ക്ഷാമം രൂക്ഷമായ ഒന്ന്, പന്ത്രണ്ട് വാർഡുകളിൽ ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം ചെയ്യുന്നതിനു തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.**85/2026/LSGD** തീയതി,തിരുവനന്തപുരം, **24-06-2026**

---

പരാമർശം:-

1. **09.02.2026** ലെ സ.ഉ(സാധാ)നം.**340/2026**/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
2. മണലൂർ നിയോജകമണ്ഡലം എം.എൽ.എ സമർപ്പിച്ച **13.06.2026** ലെ അപേക്ഷ

**<u>ഉത്തരവ്</u>**

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം **1** പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, കുടിവെള്ള വിതരണത്തിന് *ഗ്രാമപഞ്ചായത്തുകൾക്ക് തനത്/വികസനഫണ്ടിൽ നിന്നും* **31.03.2026** വരെ **6** ലക്ഷം രൂപയും **01.04.2026** - **31.05.2026** വരെ **12** ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു.

**2)** തൃശൂർ ജില്ലയിലെ വാടനാപ്പള്ളി ഗ്രാമപഞ്ചായത്തിൽ കടലാക്രമണത്തിനെ തുടർന്ന് കുടിവെള്ള ക്ഷാമം രൂക്ഷമായ ഒന്ന്, പന്ത്രണ്ട് വാർഡുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ പ്രസ്തുത വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം **2** പ്രകാരം മണലൂർ നിയോജകമണ്ഡലം എം.എൽ.എ അഭ്യർഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശൂർ ജില്ലയിലെ വാടനാപ്പള്ളി ഗ്രാമപഞ്ചായത്തിൽ കടലാക്രമണത്തിനെ തുടർന്ന് കുടിവെള്ള ക്ഷാമം രൂക്ഷമായ ഒന്ന്, പന്ത്രണ്ട് വാർഡുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി **01.06.2026** മുതൽ **30.06.2026** വരെ ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം ചെയ്യുന്നതിനും ചെലവഴിക്കുന്ന തുകയുടെ ചെലവ് ആധികാരികത വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും പ്രസ്തുത ആവശ്യത്തിനായി ചെലവാകുന്ന തുക ഗ്രാമപഞ്ചായത്തിന്റെ തനത്/വികസനഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് , തൃശൂർ ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/ ആഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shajja R M
സെക്ഷൻ ഓഫീസർ
Date: 24-06-2026 14:58:01

പകർപ്പ്:-
1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്